സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 163 2025 ഒക്ടോബർ 03 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

താലിബാൻ വിദേശകാര്യ മന്ത്രി ഇന്ത്യയിലേക്ക്

ന്യൂഡൽഹി: അഫ്ഗാൻ വിദേശകാര്യ മന്ത്രിയും താലിബാൻ നേതാവുമായ ആമിർ ഖാൻ മുത്തഖി അടുത്ത ആഴ്ച ഇന്ത്യ സന്ദർശിക്കും. നേരത്തെ ഐക്യരാഷ്ട്രസഭയുടെ യാത്രാവിലക്ക് ഉണ്ടായിരുന്ന മുത്തഖിക്ക് യു.എൻ സുരക്ഷാ കൗൺസിൽ ഇതിനായി യാത്രാ ഇളവ് അനുവദിച്ചു. ഒക്ടോബർ 6 മുതൽ 16 വരെയുള്ള തീയതികൾക്കിടയിൽ മൂന്ന് ദിവസമാണ് ഇന്ത്യയിലെത്തുക എന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ഔദ്യോഗിക സ്ഥിരീകരണം ആയിട്ടില്ല.

നേരത്തെ സെപ്റ്റംബറിൽ ഇന്ത്യ സന്ദർശിക്കാനായിരുന്നു തീരുമാനം. എന്നാൽ, യുഎൻ അനുമതി വൈകിയതിനാൽ യാത്ര മാറ്റി?വെക്കുകയായിരുന്നു. 2021 ആഗസ്റ്റിൽ അഫ്ഗാനിൽ ഭരണത്തിലേറിയ ശേഷം താലിബാൻ മന്ത്രിയുടെ ആദ്യ ഔദ്യോഗിക സന്ദർശനം കൂടിയാവും ഇത്.

'സ്വർണക്കവർച്ചക്ക് സർക്കാരും ദേവസ്വം ബോർഡും കൂട്ടുനിന്നു'; അന്വേഷണം വേണമെന്ന് വിഡി സതീശൻ

തിരു : ശബരിമലയിൽ നിന്ന് സ്വർണം അടിച്ചുമാറ്റിയതിൽ ദേവസ്വം ബോർഡിനും സർക്കാരിനും പങ്കുണ്ടെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. കോടിക്കണക്കിന് അയ്യപ്പ ഭക്തരെ ഞെട്ടിച്ച വിഷയമാണിത്. ശബരിമലയിലെ സ്വർണം കവർച്ച ചെയ്യപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം ആരോപിച്ചു. ശബരിമലയിൽ നിന്ന് സ്വർണം നഷ്ടപ്പെട്ടിട്ടുണ്ട് എന്നത് വളരെ വ്യക്തമാണ്. കിലോക്കണക്കിന് സ്വർണം അവിടെനിന്നും അടിച്ചുമാറ്റിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

'യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയാണ് സ്വർണം കൊണ്ടുപോയിരിക്കുന്നത്. ഹൈക്കോടതിയുടെ കൃത്യമായ നിരീക്ഷണത്തിൽ മാത്രമേ ഇവിടെ നിന്ന് സാധനങ്ങൾ കൊണ്ടുപോകാൻ പാടുള്ളു. അമ്പലത്തിന്റെ പരിസരത്ത് വച്ചുതന്നെ സ്വർണം പൂശണം. അല്ലാതെ പുറത്തേക്ക് കൊണ്ടുപോകാൻ പാടില്ല. 40 ദിവസം കഴിഞ്ഞാണ് സാധനം ചെന്നൈയിൽ എത്തിച്ചത്. 39 ദിവസവും ഈ സാധനം എവിടെയായിരുന്നു എന്ന് അന്വേഷിക്കണം. ചെമ്പിന്റെ ഇതേ മോഡലിലുള്ള ഒരു മോൾഡ് ഉണ്ടാക്കുന്ന തിരക്കിലായിരുന്നു ആ ദിവസം മുഴുവൻ. സ്വർണം ഫാക്ടറിയിലെത്തിയിട്ടില്ല. ഇവിടെവച്ച് തന്നെ അടിച്ചുമാറ്റിയിട്ടുണ്ട്.

ചെമ്പിൽ നിന്നും സ്വർണം പ്രത്യേകം എടുത്തുമാറ്റാൻ പറ്റാവുന്ന സാങ്കേതിക പ്രക്രിയയിലൂടെയാണ് സ്വർണം പൂശിയിരിക്കുന്നത്. ആവശ്യമുള്ളപ്പോൾ സ്വർണം അടിച്ചുമാറ്റാൻ വേണ്ടിത്തന്നെ പ്ലാൻ ചെയ്താണ് ഈ സാങ്കേതിക വിദ്യയുടെ ഉപയോഗം. ശബരിമലയിൽ നിന്ന് ഈ കാലയളവിൽ എന്തെല്ലാം അടിച്ചുമാറ്റിയിട്ടുണ്ടെന്ന് പരിശോധന നടത്തേണ്ട സമയമാണിത്. ഇപ്പോൾ നടക്കുന്ന അന്വേഷണം നടപടിക്രമങ്ങളെക്കുറിച്ചാണ്. അതല്ല സ്വർണം അടിച്ചുമാറ്റിയതിനെക്കുറിച്ചാണ് അന്വേഷിക്കേണ്ടത്.

ശബരിമലയിലെ സ്വർണം കവർച്ച ചെയ്യാൻ ദേവസ്വം ബോർഡ് അധികാരികളും സർക്കാരും എല്ലാം അറിഞ്ഞുകൊണ്ട് കൂട്ടുനിന്നു. ദേവസ്വം ബോർഡ് പ്രസിഡന്റും ഭരണാധികാരികളും സ്വർണം പോയതറിഞ്ഞിട്ടും അതിന് കൂട്ട് നിൽക്കുകയും കുടപിടിച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ദേവസ്വം ബോർഡ് പ്രസിഡന്റ് ഉടനെ രാജിവച്ച് പോകണം.'

വന്ദേഭാരത് തട്ടി നാല് പേർ മരിച്ചു

പട്ന: ബിഹാറിലെ പൂർണിയ ജില്ലയിലെ ജബൻപൂരിന് സമീപം വന്ദേഭാരത് എക്സ്പ്രസ് ഇടിച്ച് 4 പേർ മരിച്ചു. ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു. പരിക്കേറ്റയാളെ പൂർണിയയിലെ സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് പുലർച്ചെയാണ് സംഭവം. ജോഗ്ബാനിൽ നിന്ന് ദാനാപൂരിലേക്ക് പോകുകയായിരുന്ന വന്ദേഭാരതാണ് ഇടിച്ചത്. കൈതാർ-ജോഗ്ബാനി റെയിൽവേ ലൈനിൽ വെച്ചാണ് അപകടം ഉണ്ടായത്. ദുർഗ്ഗാ പൂജയിൽ പങ്കെടുത്ത് മടങ്ങുന്നവരാണ് അപകടത്തിൽപ്പെട്ടത്. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഒരാഴ്ചക്കിടെ ബിഹാറിൽ വന്ദേഭാരത് എക്സ്പ്രസ് ഇടിച്ച് രണ്ടാം തവണയാണ് അപകടം ഉണ്ടാവുന്നത്. സെപ്റ്റംബർ 30ന് സഹർസയിലെ ഹതിയാഗച്ചി റെയിൽവേ ക്രോസിങിന് സമീപമുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചിരുന്നു.

ചാക്കയിൽ രണ്ട് വയസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസ്;

ഹസൻ കുട്ടിക്ക് 67 വർഷം തടവും 12 ലക്ഷം പിഴയും

തിരു : ചാക്കയിൽ രണ്ട് വയസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിലെ പ്രതി ഹസൻ കുട്ടിക്ക് (45) ശിക്ഷ വിധിച്ചു. 67 വർഷത്തെ തടവും 12 ലക്ഷം രൂപ പിഴയുമാണ് ശിക്ഷ. തിരുവനന്തപുരം അഡീഷണൽ ജില്ലാ സെഷൻസ് കോടതിയുടേതാണ് വിധി.

വർക്കല ഇടവ സ്വദേശി അബു എന്നും കബീറെന്നും വിളിപ്പേരുള്ള ഹസൻകുട്ടി കുറ്റക്കാരനെന്ന് പോക്സോ കോടതി ജഡ്ജി എംപി ഷിബു കണ്ടെത്തിയിരുന്നു. പോക്സോ കൂടാതെ വധശ്രമത്തിനും ഇയാൾക്കെതിരെ കേസെടുത്തിരുന്നു. പരമാവധി ശിക്ഷ കൊടുക്കണമെന്നായിരുന്നു പ്രോസിക്യൂഷൻ വാദിച്ചത്. താൻ നിരപരാധിയാണെന്നാണ് പ്രതി അന്ന് കോടതിയിൽ പറഞ്ഞത്.

2024 ഫെബ്രുവരി 18നാണ് കേസിനാസ്പദമായ സംഭവം നടന്നത്. ചാക്കയിൽ ബ്രഹ്മോസിന് സമീപം ഹൈദരാബാദ് സ്വദേശികളായ മാതാപിതാക്കൾക്കൊപ്പം ടെന്റിൽ കിടന്നുറങ്ങിയ കുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചശേഷം സമീപത്തെ കുറ്റിക്കാട്ടിൽ ഉപേക്ഷിക്കുകയായിരുന്നു. ബ്രഹ്മോസിലെ സിസിടിവി ക്യാമറകളിൽ നിന്നാണ് പൊലീസ് പ്രതിയെ തിരിച്ചറിഞ്ഞത്.

പ്രതിയുടെ വസ്ത്രത്തിൽ നിന്ന് കിട്ടിയ കുട്ടിയുടെ മുടി ശാസ്ത്രീയ പരിശോധനയിൽ നിർണായക തെളിവായിരുന്നു. സംഭവത്തിന് ദിവസങ്ങൾക്ക് മുൻപാണ് പ്രതി കൊല്ലം ആയൂർ പൊലീസ് രജിസ്റ്റർ ചെയ്തിരുന്ന പോക്സോ കേസിൽ ജാമ്യത്തിലിറങ്ങിയത്. തുടർന്ന് ആലുവയിലെ ഒരു ഹോട്ടലിൽ ജോലി നോക്കിയിരുന്നു. ഇവിടെ നിന്ന് തിരുവനന്തപുരത്തെത്തിയ ശേഷമാണ് നാടോടി ബാലികയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചത്.

സംഭവത്തിനുശേഷം ആലുവയിലേക്ക് മടങ്ങിയ പ്രതി അവിടെ നിന്ന് അവധിയെടുത്ത് പഴനിയിൽ പോയി തലമുണ്ഡനം ചെയ്ത് മടങ്ങിവരവെ കൊല്ലത്തുവച്ച് പേട്ട പൊലീസ് പിടികൂടുകയായിരുന്നു. പ്രോസിക്യൂഷന് വേണ്ടി കാട്ടായിക്കോണം ജെകെ അജിത് പ്രസാദാണ് ഹാജരായത്.

ശാരദാ ഇൻസ്റ്റിറ്റ്യൂട്ടിലെ പീഡനം: മൂന്ന് വനിതാ ജീവനക്കാർ പിടിയിൽ

ന്യൂഡൽഹി: ഡൽഹിയിലെ ശ്രീ ശാരദാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ മാനേജ്മെന്റ് റിസർച്ചിലെ വിദ്യാർത്ഥിനികൾ ഉൾപ്പെട്ട ലൈംഗിക പീഡന ക്കേസിൽ വഴിത്തിരിവ്. ഇതുമായി ബന്ധപ്പെട്ട് സ്വയം പ്രഖ്യാപിത ആൾ ദൈവമായ സ്വാമി ചൈതന്യാനന്ദ സരസ്വതിയുടെ (പാർത്ഥസാരഥി) മൂന്ന് വനിതാ ജീവനക്കാരെ ഡൽഹി പൊലീസ് അറസ്റ്റ് ചെയ്തു.

പാർത്ഥസാരഥിയുടെ നിർദ്ദേശപ്രകാരമാണ് ഇവർ പ്രവർത്തിച്ചതെന്നും അച്ചടക്കത്തിന്റെയും കൃത്യനിഷ്ഠയുടെയും മറവിൽ വിദ്യാർത്ഥിനികളെ ഭീഷണിപ്പെടുത്തുകയും സമ്മർദം ചെലുത്തുകയും ചെയ്തിരുന്നെന്നും ചോദ്യം ചെയ്യലിൽ അറസ്റ്റിലായവർ സമ്മതിച്ചതായി പൊലീസ് സൂചിപ്പിച്ചു.

കുറ്റകൃത്യം മറച്ചുവയ്ക്കൽ, പരാതിക്കാരെ ഭീഷണിപ്പെടുത്തൽ, തെളിവുകൾ നശിപ്പിക്കൽ തുടങ്ങിയ കുറ്റങ്ങൾ ചുമത്തിയാണ് മൂന്ന് പേരെയും കസ്റ്റഡിയിലെടുത്തത്. അസോസിയേറ്റ് ഡീൻ ശ്വേത ശർമ, എക്സിക്യൂട്ടീവ് ഡയറക്ടർ ഭാവന കപിൽ, സീനിയർ ഫാക്കൽറ്റി കാജൽ എന്നിവരാണ് അറസ്റ്റിലായത്.

ദിവസങ്ങളോളം ഒളിവിൽ കഴിഞ്ഞ ശേഷം കഴിഞ്ഞ ആഴ്ചയാണ് 62കാരനായ ചൈതന്യാനന്ദ ആഗ്രയിൽ വച്ച് പിടിയിലായത്. സാമ്പത്തിക പിന്നാക്കവസ്ഥയിലായവർക്കുള്ള സ്കോളർഷിപ്പ് പദ്ധതിയിൽ എൻറോൾ ചെയ്ത 17ലധികം വിദ്യാർത്ഥിനികളെ ലൈംഗികമായി പീഡിപ്പിച്ച കേസിലാണ് ഇയാൾ പ്രതി. അശ്ലീല സന്ദേശങ്ങൾ അയക്കുക, അനാവശ്യമായി ശരീരത്തിൽ സ്പർശിക്കുക, ഭീഷണിപ്പെടുത്തുക എന്നിവയാണ് ഇയാൾക്കെതിരെയുള്ള പ്രധാന ആരോപണങ്ങൾ.

പ്രതിയുടെ ഫോണിൽ നിന്ന് ഡിജിറ്റൽ തെളിവുകൾ ലഭിച്ചതായും പൊലീസ് പറയുന്നു. യോഗാ വാട്സ്ആപ്പ് ഗ്രൂപ്പിൽ വിദ്യാർത്ഥിനികളുടെ ചിത്രങ്ങൾക്ക് നേരെ ഇയാൾ മോശമായ കമന്റുകൾ നൽകിയിരുന്നു. ഇത്രയധികം തെളിവുകൾ ലഭിച്ചിട്ടും പാർത്ഥസാരഥി കുറ്റബോധമോ പശ്ചാത്താപമോ കാണിച്ചിട്ടില്ലെന്ന് പൊലീസ് വൃത്തങ്ങൾ അറിയിച്ചു. പാർത്ഥസാരഥി വിദ്യാർത്ഥിനികൾക്കൊപ്പം താമസിച്ചതായി പറയപ്പെടുന്ന ഉത്തരാഖണ്ഡിലെ ആൽമോറയിലെ ഒരു ഗസ്റ്റ് ഹൗസ് പൊലീസ് സംഘം സന്ദർശിച്ചിരുന്നു. ഇയാൾക്കെതിരെയുള്ള വിവരങ്ങൾ അവിടത്തെ നാട്ടുകാർ ശരിവച്ചതായും റിപ്പോർട്ടുണ്ട്.

സ്ഥാപനത്തിന്റെ ഡയറക്ടറായി മുമ്പ് ഇയാളെ നിയമിച്ച ശ്രീ ശൃംഗേരി മഠം അഡ്മിനിസ്ട്രേഷൻ നിലവിൽ ഇയാളുമായുള്ള ബന്ധം വിച്ഛേദിക്കുകയും ഫണ്ട് ദുരുപയോഗം ചെയ്തതിന് പരാതി നൽകുകയും ചെയ്തിട്ടുണ്ട്. 20 കോടിയിലധികം രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ പ്രാഥമിക ഓഡിറ്റിൽ കണ്ടെത്തുകയും ചെയ്തു. കൂടാതെ പ്രതി മറ്റൊരു പേരിൽ വ്യാജ പാസ്പോർട്ട് നേടിയതായും പൊലീസ് അറിയിച്ചു. സ്ഥാപനത്തിൽ നിന്ന് പിടിച്ചെടുത്ത ഇലക്ട്രോണിക് ഉപകരണങ്ങളും സിസിടിവി ദൃശ്യങ്ങളും പൊലീസ് വിശദമായി പരിശോധിച്ചു വരികയാണ്.

ബറേലിയിൽ ഇന്റർനെറ്റ് വിലക്ക്; അതീവ ജാഗ്രത

ലഖ്നോ: നബിദിനത്തോടനുബന്ധിച്ച് ബാനർ കെട്ടിയതിന് മുസ്ലിം യുവാക്കൾക്കെതിരെ ഏകപക്ഷീയായി കേസെടുക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്തതിനെ തുടർന്ന് സംഘർഷം പൊട്ടിപ്പുറപ്പെട്ട ബറേലിയിൽ ഇന്റർനെറ്റ് വിലക്ക്. ഇന്ന് ജുമുഅ നമസ്കാരത്തിന് മുന്നോടിയായി ഇന്റർനെറ്റ് സേവനങ്ങൾ താൽക്കാലികമായി നിർത്തിവെച്ചു. നാളെ ഉച്ചകഴിഞ്ഞ് മൂന്ന് മണി വരെയാണ് വിലക്ക്.

ഫേസ്ബുക്ക്, യൂട്യൂബ്, വാട്സ്ആപ്പ് തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് കിംവദന്തികൾ പ്രചരിപ്പിക്കുന്നതും വർഗീയ സംഘർഷം സൃഷ്ടിക്കുന്നതും തടയുന്നതിനാണ് ഇന്റർനെറ്റ് നിയന്ത്രണം ഏർപ്പെടുത്തിയതെന്നാണ് അധികൃതരുടെ അവകാശവാദം. എസ്.എം.എസ് സേവനങ്ങൾ, മൊബൈൽ ഇന്റർനെറ്റ്, ബ്രോഡ്ബാൻഡ്, വയർലെസ് കണക്ഷനുകൾ എന്നിവയും താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണെന്ന് ആഭ്യന്തര സെക്രട്ടറി ഗൗരവ് ദയാൽ പറഞ്ഞു.

ചെമ്പല്ല, ദ്വാരപാലക ശില്പത്തിന്റെ പാളിയിലും സ്വർണം; രേഖകൾ കണ്ടെത്തി വിജിലൻസ്, അന്വേഷണത്തിൽ വഴിത്തിരിവ്

തിരു : ശബരിമലയിലെ ദ്വാരപാലക ശില്പങ്ങളുമായി ബന്ധപ്പെട്ട വിവാദത്തിൽ പുതിയ വഴിത്തിരിവ്. ദ്വാരപാലക ശില്പങ്ങളിലെ പാളികൾക്ക് സ്വർണം പൊതിഞ്ഞതിന്റെ രേഖകൾ കണ്ടെത്തി. ദേവസ്വം മരാമത്ത് ഓഫീസിൽ നിന്ന് വിജിലൻസാണ് രേഖകൾ കണ്ടെത്തിയത്. 1999ലാണ് വിജയ് മല്യ വഴിപാടായി 30.3 കിലോ സ്വർണം നൽകിയതെന്ന് രേഖകളിൽ വ്യക്തമാക്കുന്നു. ഈ സ്വർണം ഉപയോഗിച്ച് ആ വർഷം തന്നെ ശബരിമലയിലെ മേൽക്കൂര, ശ്രീകോവിൽ, ദ്വാരപാലക ശില്പങ്ങൾ എന്നിവയ്ക്ക് സ്വർണം പൂശി.

ഇതിനുശേഷം 2019ലാണ് ദ്വാരപാലക ശില്പങ്ങളുടെ പാളിയിലെ സ്വർണത്തിന് മങ്ങലുണ്ടെന്ന് കണ്ടെത്തുന്നത്. തുടർന്ന് വീണ്ടും സ്വർണം പൂശാൻ തീരുമാനിക്കുന്നു. അന്ന് ഉണ്ണികൃഷ്ണൻ പോറ്റിയാണ് പാളികളിൽ സ്വർണം പൂശുന്ന നടപടികൾ ഏറ്റെടുത്തത്. എന്നാൽ അന്ന് തനിക്ക് ചെമ്പ് പാളികളാണ് ലഭിച്ചതെന്നാണ് ഇപ്പോൾ ഉണ്ണികൃഷ്ണൻ പോറ്റി പറയുന്നത്. എന്നാൽ ഉണ്ണികൃഷ്ണൻ പോറ്റിയുടെ വാദത്തെ തള്ളുന്നതാണ് പുതിയ രേഖകൾ.

അതേസമയം, ശബരിമലയിലെ ദ്വാരപാലക ശില്പങ്ങളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട സ്പോൺസർമാരിൽ ഒരാളായ ഉണ്ണികൃഷ്ണൻ പോറ്റിയ്ക്കെതിരെ രഹസ്യാന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഉണ്ണികൃഷ്ണൻ പോറ്റിക്ക് തിരുവനന്തപുരത്തു മാത്രം കോടികളുടെ ഭൂമി ഇടപാടുകളുണ്ടെന്നാണ് വിവരം. ബ്ലേയ്ഡ് പലിശക്ക് പണം നൽകി ഭൂമി പലയിടത്തും സ്വന്തം പേരിലാക്കിയതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം ആരംഭിച്ചിരിക്കുന്നത്. മൂന്ന് വർഷത്തിനുള്ളിൽ മാത്രം 30 കോടിയിലധികം രൂപയുടെ ഭൂമി കച്ചവടങ്ങൾ നടന്നതിന്റെ രേഖകൾ കണ്ടെത്തിയിട്ടുണ്ട്.

മുൻ ദേവസ്വം കരാറുകാരനാണ് തലസ്ഥാനത്തെ ഉണ്ണികൃഷ്ണൻ പോറ്റിയുടെ ഇടനിലക്കാരൻ. സ്വന്തം പേരിലും ഭാര്യയുടെയും അമ്മയുടെയും പേരിലും ഭൂമി ഇടപാട് നടത്തിയെന്നാണ് പുറത്തുവരുന്ന വിവരം. ഉണ്ണികൃഷ്ണൻ പോറ്റിക്കെതിരെ ദേവസ്വം വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കഴിഞ്ഞ ദിവസം കൂടുതൽ വിവരങ്ങൾ പുറത്തുവന്നിരുന്നു. ഇതിനെ തുടർന്ന് വിശദമായ ചോദ്യം ചെയ്യലിന് നാളെ ഹാജരാകാൻ വിജിലൻസ് ഉണ്ണികൃഷ്ണൻ പോറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഓപ്പറേഷൻ സിന്ദൂർ; 'വെടിനിർത്തൽ ആവശ്യപ്പെട്ടത് പാകിസ്ഥാൻ, അവർക്ക് നഷ്ടമായത് 10 വിമാനങ്ങൾ'

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിന് പിന്നാലെ വെടിനിർത്തൽ ആവശ്യപ്പെട്ടത് പാകിസ്ഥാനാണെന്ന് വ്യോമസേനാ മേധാവി എ പി സിംഗ്. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഇടപെടലാണ് വെടിനിർത്തലിന് കാരണമായതെന്ന പ്രചരണവും ഇതോടെ തള്ളി. കൂടാതെ പാകിസ്ഥാന്റെ യുഎസ് നിർമ്മിത എഫ് 16, ചൈനീസ് ജെ – 17 എന്നീ വിമാനങ്ങൾ ഇന്ത്യ വെടിവച്ചിട്ടതായും എ പി സിംഗ് വ്യക്തമാക്കി.

ഇന്ന് നടത്തിയ വാർത്താസമ്മേളനത്തിലായിരുന്നു വെളിപ്പെടുത്തൽ. ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യൻ സൈന്യത്തിന്റെ ശക്തിയും കൃത്യതയും ലോകം കണ്ടു. പാകിസ്ഥാന് 10 വിമാനങ്ങൾ നഷ്ടമായെന്നും വ്യോമസേനാ മേധാവി വെളിപ്പെടുത്തി. പാകിസ്ഥാൻ, ഇന്ത്യൻ ജെറ്റുകൾ നശിപ്പിച്ചുവെന്ന് അവകാശവാദത്തെയും അദ്ദേഹം നിഷേധിച്ചു.

'ഓപ്പറേഷൻ സിന്ദൂർ നിരപരാധികളെ കൊന്ന തീവ്രവാദികൾക്ക് ഒരു പാഠമാണ്. 300 കിലോമീറ്ററിലധികം ലക്ഷ്യങ്ങൾ ഞങ്ങൾ ആക്രമിച്ചു. തുടർന്ന് പാകിസ്ഥാനാണ് വെടിനിർത്തൽ ആവശ്യപ്പെട്ടത്. 100 മണിക്കൂറുകളോളം നീണ്ടുനിന്ന പോരാട്ടത്തിൽ പാകിസ്ഥാന്റെ നിരവധി മിസൈലുകളും ഡ്രോണുകളും ഇന്ത്യ തകർത്തു. ഇന്ത്യയുടെ യുദ്ധതന്ത്രങ്ങൾ മാറും. ഇതുവരെ കണ്ട യുദ്ധങ്ങൾ ആകില്ല വരുംകാലത്ത്. ഭാവിക്കായി ഇപ്പോഴേ തയ്യാറായിരിക്കണം. 21-ാം നൂറ്റാണ്ടാണ്. ഇനി സൈനികരുടെ എണ്ണമോ ആയുധശേഖരത്തിന്റെ വലിപ്പമോ മതിയാകില്ല. സൈബർ യുദ്ധം, കൃത്രിമബുദ്ധി, ഉപഗ്രഹാധിഷ്ഠിത നിരീക്ഷണം എന്നിവ ഭാവിയിലെ യുദ്ധങ്ങളെ രൂപപ്പെടുത്തുന്നു'– വ്യോമസേനാ മേധാവി വ്യക്തമാക്കി.

കോടികളുടെ ഇടപാട്; പലിശക്ക് പണം നൽകി ഭൂമി സ്വന്തം പേരിലാക്കി, ഉണ്ണികൃഷ്ണൻ പോറ്റിക്കെതിരെ രഹസ്യാന്വേഷണം

തിരുവനന്തപുരം: ശബരിമലയിലെ ദ്വാരപാലക ശില്പങ്ങളുടെ അറ്റകുറ്റപ്പണികളുമായ ബന്ധപ്പെട്ട സ്പോൺസർമാരിൽ ഒരാളായ ഉണ്ണികൃഷ്ണൻ പോറ്റിയ്ക്കെതിരെ രഹസ്യാന്വേഷണം ആരംഭിച്ചു. ഉണ്ണികൃഷ്ണൻ പോറ്റിക്ക് തിരുവനന്തപുരത്തു മാത്രം കോടികളുടെ ഭൂമി ഇടപാടുകളുണ്ടെന്നാണ് വിവരം. ബ്ലേയ്ഡ് പലിശക്ക് പണം നൽകി ഭൂമി പലയിടത്തും സ്വന്തം പേരിലാക്കിയതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം ആരംഭിച്ചിരിക്കുന്നത്. മൂന്ന് വർഷത്തിനുള്ളിൽ മാത്രം 30 കോടിയിലധികം രൂപയുടെ ഭൂമി കച്ചവടങ്ങൾ നടന്നതിന്റെ രേഖകൾ കണ്ടെത്തിയിട്ടുണ്ട്.

മുൻ ദേവസ്വം കരാറുകാരനാണ് തലസ്ഥാനത്തെ ഉണ്ണികൃഷ്ണൻ പോറ്റിയുടെ ഇടനിലക്കാരൻ. സ്വന്തം പേരിലും ഭാര്യയുടെയും അമ്മയുടെയും പേരിലും ഭൂമി ഇടപാട് നടത്തിയെന്നാണ് പുറത്തുവരുന്ന വിവരം. ഉണ്ണികൃഷ്ണൻ പോറ്റിക്കെതിരെ ദേവസ്വം വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കഴിഞ്ഞ ദിവസം കൂടുതൽ വിവരങ്ങൾ പുറത്തുവന്നിരുന്നു. ഇതിനെ തുടർന്ന് വിശദമായ ചോദ്യം ചെയ്യലിന് നാളെ ഹാജരാകാൻ വിജിലൻസ് ഉണ്ണികൃഷ്ണൻ പോറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2019 ജൂലായ് 20ന് പാളികൾ ഇളക്കിയെങ്കിലും ചെന്നൈയിലെ സ്മാർട്ട് ക്രിയേഷനിൽ എത്തിച്ചത് 40 ദിവസം കഴിഞ്ഞാണ്. ഒരു മാസം സ്വർണ പാളികൾ എവിടെയായിരുന്നുവെന്ന് ഉണ്ണികൃഷ്ണൻ പോറ്റി വ്യക്തമാക്കേണ്ടി വരും. തിരികെ കൊണ്ടുവന്നപ്പോൾ നാല് കിലോഗ്രാം കുറഞ്ഞത് മഹസറിൽ രേഖപ്പെടുത്താത്തതിനെക്കുറിച്ച് ദേവസ്വം ജീവനക്കാരും മറുപടി പറയേണ്ടിവരും.

അതേസമയം, ശബരിമല സ്വർണപാളി വിവാദം ശക്തമാകുന്നതിനിടെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അടിയന്തര യോഗം ഇന്ന് ചേരും. അജണ്ട നിശ്ചയിക്കാതെ ചേരുന്ന യോഗത്തിൽ ഹൈക്കോടതിയിൽ സ്വീകരിക്കേണ്ട നിലപാടിൽ അന്തിമ തീരുമാനമെടുക്കും. സ്വർണപാളി വിഷയത്തിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചതായി ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത് തന്നെ സമ്മതിച്ചതാണ്. ഇതിനിടെയാണ് ഇന്ന് അടിയന്തര ബോർഡ് യോഗം ചേരുന്നത്.

നമ്പർ പ്ലേറ്റില്ലാത്ത ഏഴ് ബസുകൾ സർവീസ് നടത്തി; കൊച്ചിയിൽ വാഹനങ്ങൾ തടഞ്ഞ് അധികൃതർ

കൊച്ചി: നഗരത്തിൽ നമ്പർ പ്ലേറ്റില്ലാതെ കരാർ ബസുകൾ സർവീസുകൾ നടത്തിയതിനെതിരെ നടപടി. താത്കാലിക രജിസ്ട്രേഷൻ നമ്പർ വ്യക്തമായി രേഖപ്പെടുത്താതിനെ തുടർന്നാണ് നടപടി. കൊച്ചി റിഫൈനറിയിൽ ജീവനക്കാരെ കൊണ്ടുപോകുകയും കൊണ്ടുവരികയും ചെയ്യുന്ന കരാറുകാരന്റെ ഏഴ് ബസുകളാണ് നിയമം മറികടന്ന് സർവീസ് നടത്തിയത്.

ഇത് ശ്രദ്ധയിൽപ്പെട്ടതോടെ നാട്ടുകാർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ (ആർടിഒ) വിവരമറിയിക്കുകയായിരുന്നു. ആർടിഒ എൻഫോഴ്സ്മെന്റ് സംഘം റിഫൈനറി ഗേറ്റിലെത്തി ഈ ബസുകളുടെ സർവീസ് നിർത്തിവയ്പ്പിച്ചു. അതിസുരക്ഷാ മേഖലയായ റിഫൈനറിയുടെ ഉള്ളിൽ ഈ വാഹനങ്ങൾ പ്രവേശിച്ച് ജീവനക്കാരെ കൊണ്ടുവരികയും കൊണ്ടുപോകുകയും ചെയ്തിട്ടുണ്ടെന്നും പരാതിയുണ്ട്.

ബസുകൾക്ക് പെർമിറ്റ് ഉൾപ്പെടെ ഉണ്ടോയെന്നതിൽ സംശയമുണ്ടെന്നും ഇന്ന് രാവിലെ പത്ത് മണിയോടെ വാഹനങ്ങളുടെ മുഴുവൻ രേഖകളും ഹാജരാക്കാൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എൻഫോഴ്സ്മെന്റ് ആർടിഒ വ്യക്തമാക്കി. രേഖകൾ പരിശോധിച്ച ശേഷം തുടർനടപടി സ്വീകരിക്കും. നമ്പർ പ്ലേറ്റില്ലാതെ വാഹനം റോഡിലിറക്കുന്നത് മോട്ടോർവാഹന നിയമപ്രകാരം കുറ്റകരമാണ്.

കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 1009/2022

Maxgrow Nidhi Limited

-വാദി

കൊടുങ്ങല്ലൂർ താലൂക്ക് എസ്.എൻപുരം വില്ലേജ(ആല) എസ്. എൻപുരം ദേശത്ത് അറക്കൽ മുഹസാദ് എ.എച്ച് ഭാര്യ ഷെജീന കൊടുങ്ങല്ലൂർ താലൂക്ക് എസ്.എൻപുരം വില്ലേജ(ആല) എസ്.എൻപുരം ദേശത്ത് അറക്കൽ ഹുസൈൻ മകൻ മുഹമ്മദ് എ. എച്ച്

-പ്രതികൾ

പ്രതികളിൽ നിന്നും പ്രോനോട്ട് പ്രകാരം വാദി സ്ഥാപനത്തറിന് ലഭിക്കാനുള്ള സംഖ്യക്കും പലിശക്കും വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ അന്യായപ്രകാരം പ്രതികൾക്കുള്ള സമൻസ് കോർട്ടിലും വാസസ്ഥലത്തും പ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മതേതരത്വവും സോഷ്യലിസവും ഇന്ത്യൻ ഭരണഘടനയിൽ നിന്ന് നീക്കം ചെയ്യാനുള്ള നീക്കം ആപൽക്കരം. ഡോ. പി. എൻ. വിജയകുമാർ

തൃശൂർ: ജനതാദൾ(എസ്) തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ഗാന്ധിയൻ സോഷ്യലിസവും സമകാലീന ഇന്ത്യയും എന്ന വിഷയത്തിൽ തൃശ്ശൂരിൽ ലോഹ്യ ഭവനിൽവച്ചുകൂടിയ സിംപോസിയം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രഥമ വിവരാവകാശ കമ്മീഷണൻ S/C, S/T കമ്മീഷൻ ചെയർമാനുമായ റിട്ട ജഡ്ജ് ഡോ. പി. എൻ വിജയകുമാർ സിംപോസിയം ഉദ്ഘാടനം ചെയ്തു. ജനതാ ദൾസ് തൃശ്ശൂർ ജില്ലാ പ്രസിഡന്റ് അഡ്വക്കേറ്റ് സി.ടി ജോഫി അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ജോൺ വാഴപ്പിള്ളി, രാഘവൻ മുളങ്ങാടൻ, ന്യൂനപക്ഷ വിഭാഗം പ്രസിഡന്റ് റഹീം പള്ളത്ത്, പ്രീജു ആന്റണി, യുവജനതാദൾ (എസ്) ജില്ലാ പ്രസിഡന്റ് കെ. രഞ്ജിത്ത്, മഹിളാ ജനത ജില്ലാ പ്രസിഡന്റ് കെ. എച്ച് ഷക്കീല, എം. മോഹൻദാസ്, ജോസ് താണിക്കൽ, പി. എം ഉമേഷ്,ജോസഫ് ആളുക്കാരൻ തുടങ്ങിയവർ പ്രസംഗിച്ചു.

അവാർഡ് സമർപ്പണവും ഡോ.ഏഡൻ വാല സ്മാരക പ്രഭാഷണവും

തൃശൂർ: ജൂബിലി മിഷൻ മെഡിക്കൽ കോളേജ് - റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്ഥാപക ഡയറക്ടർ മോൺ: മാത്യു മുരിങ്ങാത്തേരി അനുസ്മരണ ഹെൽത്ത് കെയർ മിഷനറി അവാർഡ് സമർപ്പണം, ഡോ.ഏഡൻ വാല സ്മാരക പ്രഭാഷണം നാളെ നടക്കും.

ജൂ ബിലി മദർ തെരേസ ഹാളിൽ 2 മണിക്കാണ് പരിപാടി. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിക്കും. ആശുപത്രി രംഗത്തെ കോർപ്പറേററ് വൽക്കരണം - എന്ന വിഷയത്തിൽ ഡോ: ശശി തരൂർ എം.പി. പ്രഭാഷണം ചെയ്യും . നാലാമത് ദേശിയ തല ഹെൽത്ത് കെയർ മിഷനറി അവാർഡ് ഒഡീഷ ഖരിയറിലെ ഡോ:അജിത് റൊണാൾഡ് ഗുരു ബചൻ സിംഗ്ന് സമർപ്പിക്കുമെന്ന്ഡയറക്ടർ ഫാ: റെന്നി മുണ്ടൻ കുരിയൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഡോ: ബെന്നി ജോസഫ്നീലങ്കാവിൽ ,ഫാ: സിന്റോ കാരേ പറ മ്പൻ, ഡോ: പി.ആർ. വർഗ്ഗീസ്, ഡിയോൾ ബെന്റി പങ്കെടുത്തു.

മന്ത്രി ആർ. ബിന്ദുവിന്റെ പ്രശംസ ഏറ്റ് വാങ്ങി ഷാജു വാലപ്പന്റെ ഇരട്ട സിനിമകൾ

ഇരിങ്ങാലക്കുട:-ഒരേ സമയം ഒരേ ക്രൂവിനെയും അഭിനേതാക്കളെയും ഉപയോഗിച്ച്, ഒരേ ലൊക്കേഷനിൽ ഷൂട്ട് ചെയ്ത്, മലയാള സിനിമ ചരിത്രത്തിൽ ഇടം നേടിയ 'സ്വാലിഹ്', 'നിഴൽ വ്യാപരികൾ' എന്നീ ചിത്രങ്ങൾ സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തുമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ. ബിന്ദു.പ്രവാസി വ്യവസായിയും കലാകാരനുമായ ഷാജു വാലപ്പൻ നിർമ്മിച്ച ഈ ചിത്രങ്ങൾ കണ്ടതിന് ശേഷം നടത്തിയ പ്രതികരണത്തിലാണ് മന്ത്രി സിനിമകളെ പ്രശംസിച്ചത്.ചിത്രങ്ങൾ ഉയർന്ന കലാമൂല്യവും സാമൂഹിക പ്രസക്തിയുമു ള്ളവയാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.മനുഷ്യരെല്ലാവരും ഭിന്നതകൾക്കപ്പുറം ഒരേപോലെയാണെന്ന് ഈ സിനിമകൾ ഓർമ്മിപ്പിക്കുന്നു.ജാതിയുടെയും മതത്തിന്റെയും വേർതിരുവുകൾക്കപ്പുറം നാം മനുഷ്യരാണെന്ന് ഈ സിനിമകൾ വിളിച്ച് പറയുന്നു.ഇത്തരം സിനിമകൾക്ക് ഇന്നത്തെ കാലത്ത് വലിയ സാമൂഹ്യപ്രസക്തി യുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

'വാലപ്പൻ ക്രിയേഷൻസി'ന്റെ ബാനറിൽ ഷാജു വാലപ്പൻ നിർമ്മിച്ച 'സ്വാലിഹ്' സിദ്ദിക്ക് പറവൂർ(എസ്.പി) സംവിധാനം ചെയ്തപ്പോൾ, 'നിഴൽ വ്യാപരികൾ' എന്ന ചിത്രം സംവിധാനം ചെയ്തത് ഷാജു വാലപ്പൻ തന്നെയാണ്.മലയാള സിനിമ ചരിത്രത്തിൽ ആദ്യമായി ഒരു നിർമ്മാതാവ് ഇത്തരത്തിൽ രണ്ട് സിനിമകൾ ഒരേ സമയം ഒരുക്കിയത് വലിയൊരു നേട്ടമായി കണക്കാക്കുന്നു.

ഒരു എ.ഐ. പൂജയെടുപ്പ്

നിധി വി, ആലപ്പുഴ

വിദ്യാരംഭം, വിജയദശമി എന്നീ ദിവസങ്ങൾ ഭാരതീയർക്ക് ഏറെ വിശേഷപ്പെട്ട ദിനങ്ങളാണ്. എന്നാൽ ജമിനിയുടെയും ജിപിറ്റിയുടേയും ആഗമനത്തോട് കൂടി ഇപ്പോൾ പൂജവെച്ച് തൊഴുന്ന പടമുൾപ്പെടെ മിനിറ്റുകൾക്കകം നമ്മുടെ വിരൽ തുമ്പിൽ ലഭിക്കും. ശാസ്ത്രം പുരുഗോമിക്കുന്നു, മനുഷ്യൻ വള്ളി പുള്ളി തെറ്റാതെ ശാസ്ത്രത്തെ അനുഗമിക്കുന്നു. പണ്ട് പൂജ വെക്കുന്ന ദിവസം കുട്ടികൾക്ക് ആഘോഷമാണ്, പുസ്തകമെടുക്കണ്ട, പഠിക്കണ്ട, മതിയാവുവോളം കളിക്കാം. എന്നാൽ ഇന്ന് കഥ മാറി കുട്ടികളിൽ കൗതുകം കുറഞ്ഞു, മൊബൈൽ സ്ക്രീനിനോടുള കമ്പം കൂടി, കാഴ്ചകൾ മങ്ങി. കുട്ടികൾ നോക്കുമ്പോൾ ലാപ്ടോപിന് മുന്നിൽ ഇരിക്കുന്ന അച്ഛൻ, ഫോണിന് മുൻപിൽ അമ്മ, വാട്സാപ്പിന് അടിമപ്പെട്ട മുത്തച്ചനും മുത്തശ്ശിയും. ഇതിനെല്ലാം നാം പഴിചാരുന്നത് പാവം എ. ഐ. വിദ്യയേയും. എന്നാൽ മുന്നോട്ടുള്ള കാലത്ത് സാങ്കേതിക വിദ്യകൾ ആവശ്യത്തിൻ ഉപയോഗിച്ചില്ലെങ്കിൽ ഒറ്റപ്പെട്ട അന്യഗ്രഹജീവികളായി മാറും നാം. എല്ലാം ആവശ്യത്തിന് മാത്രം ഉപയോഗിക്കുക.

ഇന്ന് പൂജവെപ്പും, പൂജയെടുക്കലും ഇൻസ്റ്റയിലും, ഫേസ്ബുക്കിലും പോസ്റ്റിടാൻ പടമെടുക്കാൻ വേണ്ടിയുള്ള അവസരമായി മാറി കഴിഞ്ഞു. മൊബൈൽ ഫോണും, ലാപ്ടോപ്പുമാണ് ശരിക്കും നാം പൂജ വെക്കേണ്ടത്. ശാരീരിക ഉല്ലാസത്തിനു മാത്രമല്ല മാനസിക ഉല്ലാസത്തിനും അത് ഏറെ പ്രയോജനം ചെയ്യും.

എ. ഐ. പ്രോമ്റ്റുകൾ മെനയുന്ന നേരം മതി നമുക്ക് ചുറ്റുമുള്ളവരോട് രണ്ട് വാക്ക് മിണ്ടാൻ. കരുതലോടെ കൈകാര്യം ചെയ്യാം കൂടെ ഉള്ളവരെ, കാര്യപ്രാപ്തിയോടു കൂടെ കൈകാര്യം ചെയ്യാം വിജ്ഞാനത്തെ.

വിയ്യൂർ ഗ്രാമീണവായനശാല യിൽ ഗാന്ധിജയന്തി ദിനത്തിൽ ഗാന്ധിഫോട്ടോയിൽ പുഷ്പാർച്ചന നടത്തുകയും വായനശാലയുംപരിസരവും ശുചിയാക്കി. പ്രസിഡന്റ് സന്തോഷ് കെ. എഫ്ന്റെ അധ്യഷതയിൽ ചേർന്ന യോഗത്തിൽ വി. ഡി ജോൺസൺ പ്രഭാഷണം നടത്തി. സെക്രട്ടറി പി. ഉദയകുമാർ, നിർവാഹകസമിതി അംഗം ആനന്ദ് ജയപ്രകാശ് എന്നിവർ പ്രസംഗിച്ചു.

ഇരിഞ്ഞാലക്കുട: ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഗാന്ധിജയന്തി ദിനാഘോഷം ഉദ്ഘാടനം കെപിസിസി മുൻ ജനറൽ സെക്രട്ടറി എം പി ജാക്സൺ നിർവഹിച്ചു. മണ്ഡലം പ്രസിഡന്റ് അബ്ദുൽ ഹഖ് മാസ്റ്റർ അധ്യക്ഷത വഹിച്ചു ഡിസിസി ജനറൽ സെക്രട്ടറി സോണിയ ഗിരി ബ്ലോക്ക് പ്രസിഡന്റ് സോമൻ ചിറ്റേത്ത്, ഇരിഞ്ഞാലക്കുട മുൻസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് മുൻ ബ്ലോക്ക് പ്രസിഡണ്ട് ടിവി ചാർലി യുത്ത് കോൺഗ്രസ് ഇരിഞ്ഞാലക്കുട നിയോജകമണ്ഡലം പ്രസിഡന്റ് സനൽ കല്ലൂക്കാരൻ എന്നിവർ നേതൃത്വം നൽകി

നിര്യാതയായി

മാത്തിരി

ഒല്ലൂർ: റെയിൽവേ സമീപം അരിമ്പൂര് പരേതനായ മൂക്കൻ യാക്കോബ് ഭാര്യ (വെണ്ടൂർ തെക്കിനിയത്ത് ചെറുവാരൽ കുടുംബാംഗം) മാത്തിരി (94) നിര്യാതയായി. സംസ്കാരം ഇന്ന് വൈകീട്ട് 4മണിക്ക് തൈക്കാട്ടുശ്ശേരി സെന്റ് പോൾസ് പള്ളിയിൽ. മക്കൾ-റോസിലി. ലൈസ. ജോർജ്. കൊച്ചുമേരി ബെറ്റ്സി, ജോഷി, പരേതനായ ബെന്നി.

വയോജനവാരാഘോഷം

തൃശ്ശൂർ: കേരള സീനിയർ സീറ്റിസൺസ് ഫോറംതൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽവയോജനവാരാഘോഷം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ കോർപ്പറേഷൻ ചീരാച്ചി കമ്മ്യൂണിറ്റി ഹാളിൽ സാഹിത്യകാരൻ ഡോ.അജിതൻ മേനോത്ത് ഉദ്ഘാടനം നിർവഹിച്ചു.

ജില്ലാ പ്രസിഡൻറ് കെ സേതുമാധവൻ അധ്യക്ഷത വഹിച്ചു. കൗൺസിലർ സി പി പോളി, സംസ്ഥാന സെക്രട്ടറി പ്രൊഫ വി.എ. വർഗ്ഗീസ്, എ.സി.പി സുധീരൻ എസ്.പി,ഒല്ലൂർ യൂണിറ്റ് പ്രസിഡണ്ട് സിഎ ജോസഫ് , ജില്ലാ പ്രസിഡൻറ് സി സി ജോസ്, വൈസ് പ്രസിഡൻറ് പി മുഹമ്മദ് ബാബു, തുടങ്ങിയവർ പ്രസംഗിച്ചു. ആരോഗ്യകരമായ വാർദ്ധക്യം എന്ന വിഷയത്തിൽ സോഷ്യൽ വർക്കർ സുരേഷ് കുമാർ ഒപി ക്ലാസ് എടുത്തു.

കലക്ക് ജാതിയില്ല; സാബ്രിയയുടെ അരങ്ങേറ്റത്തിന് കലാമണ്ഡലം കൂത്തമ്പലം ചരിത്ര വേദിയായി

തൃശൂർ: കേരള കലാമണ്ഡലത്തിൽ കഥകളി പഠനം ആരംഭിച്ച മുസ്ലീം സമുദായത്തിലെ ആദ്യ പെൺകുട്ടി സാബ്രിയയുടെ അരങ്ങേറ്റത്തിന് കലാമ ണ്ഡലം കൂത്തമ്പലം ചരിത്ര വേദിയായി.

ഒക്ടോബർ 2 ന് രാത്രി 8 മണിക്കാണ് അരങ്ങേറ്റം. പുറപ്പാടിലാണ് സാബ്രിയ പങ്കാളിയായത്.

കലാമണ്ഡലം കഥകളി പത്താം തരത്തിലെ ഏക മുസ്ലീം വിദ്യാർത്ഥിയാണ് സാബ്രിയ. 2021 ൽ കലാമണ്ഡലം കഥകളി പഠനത്തിന് പെൺകുട്ടികൾക്ക് പ്രവേശനം നൽകി തുടങ്ങിയപ്പോഴാണ് ഈ കുട്ടിക്കും പ്രവേശനം ലഭിച്ചത്. ഫോട്ടോ ഗ്രാഫറായ കൊല്ലം അഞ്ചൽ പഴമുളക്കൽ നിസാം അമ്മാസിന്റേയും അനീസയുടെയും മൂത്ത മകളാണ്. സഹോദരൻ മുഹമ്മദ് കംപ്യൂട്ടർ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയാണ്.

ചെറു പ്രായം മുതൽക്ക് കഥകളിയോട് ഇഷ്ടം തോന്നിയ സാബ്രിയ പിതാവിന്റെ ഫോട്ടോ ശേഖരത്തിലെ കഥകളി വേഷങ്ങൾ കണ്ട് ആകൃഷ്ടമായി. നാട്ടിലെ ക്ഷേത്രങ്ങളിൽ കഥകളി കാണുകയും ചെയ്തു. കൃഷ്ണവേഷമാണ് കുട്ടിക്ക് ഇഷ്ടവേഷം. കലക്ക് ജാതിയും, മതവും അതിർവരമ്പുകളുണ്ടാക്കുന്നില്ലെന്ന സന്ദേശം വ്യാപിപ്പിക്കുകയാണ് ഈ യുവ കലാകാരി. കലാമണ്ഡലത്തിൽ തന്നെ തുടർ പഠന ഭാഗമായി പി.ജി. പഠനം നടത്തുമെന്നും പിതാവ് നിസാം അഹമ്മദ് അറിയിച്ചു

ലതാ മംഗേഷ്കർ ജന്മദിനാഘോഷം -സർഗ വനിതാ നാട്ടിക മേഖല ദിനാചരണം തൃത്തല്ലൂർ വിശ്വപ്രകൃതി മിനി ഹാളിൽ നന്മ ജില്ലാ പ്രസിഡന്റ് മനോ മോഹൻ ഉദ്ഘാടനം ചെയ്തു. ചന്ദ്രമതി പി എസ് അദ്ധ്യയത വഹിച്ചു. സർഗ്ഗവനിതാ സന്ദേശം ശ്രീകല കിഷോർ നിർവ്വഹിച്ചു. ഷൈല പ്രകാശൻ, പ്രതിമ കെ .കെ., സനു അശോക്, ജോസ് താടിക്കാരൻ, സുനിൽ വൈശാഖം, സംഗീത കിഷോർ എന്നിവർ പ്രസംഗിച്ചു.

ശാന്തിയാത്ര നടത്തി

തൃശൂർ: ലോക സമാധാന സന്ദേശമായി എടമുട്ടം ആൽഫ പാലിയേറ്റിവ് കെയർ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2ന് തൃശൂർ നഗരത്തിൽ ശാന്തിയാത്ര നടത്തി. കാലത്ത് 8ന്, തെക്കേഗോപുര നടയിൽ നിന്ന് യാത്ര തുടങ്ങി. ശുഭ്ര വസ്ത്രധാരികളായ 600 സന്നദ്ധ പ്രവർത്തകർ നിരക്കും. സ്വരാജ് റൗണ്ട് ചുറ്റുന്ന യാത്ര സാഹിത്യ അക്കാദമി എം.ടി. ഓഡിറ്റോറിയത്തിലെത്തി. തുടർന്ന്സമ്മേളനം. സത്യൻ അന്തിക്കാട്, വി.പി.നന്ദകുമാർ, പി.ബാലചന്ദ്രൻ എം. എൽ.എ. പങ്കെടുത്തു.

ഡോ. ഹംസ കൊണ്ടാമ്പിള്ളിയെ പൊന്നാട അണിയിച്ച് അലിവ് ചാരിറ്റബിൾ ട്രസ്റ്റ് സ്വീകരിച്ചു

കൊടുങ്ങല്ലൂർ: അലിവ് ചാരിറ്റബിൾ ട്രസ്റ്റ് അംഗവും പ്രമുഖ ജീവകാരുണ്യ പ്രവർത്തകനുമായ ഡോക്ടർ ഹംസ കൊണ്ടാമ്പിള്ളിയെ തന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഡടഅ സൗത്ത് വെസ്റ്റിൻ യൂണിവേഴ്സിറ്റി ഓണറി ഡോക്ടറേറ്റ് നൽകി ആദരിച്ചിരുന്നു. കഴിഞ്ഞ ദിവസം ചെന്നൈയിൽ നടന്ന ചടങ്ങിൽ ഈ ആദരവ് ഏറ്റ് വാങ്ങി ജന്മനാട്ടിൽ എത്തിയ ഡോ ഹംസ കൊണ്ടാമ്പള്ളിയെ അദ്ദേഹത്തിന്റെ വസതിയിൽ എത്തി അലിവ് ചാരിറ്റബിൾ ട്രസ്റ്റിന് വേണ്ടി അഡ്വൈസറി ബോർഡ് ചെയർമാൻ കെ കെ കുഞ്ഞുമൊയ്തീൻ പൊന്നാട അണിയിച്ച് സ്വീകരിച്ചു. പ്രസ്തുത ചടങ്ങിൽ ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡന്റ് വി.എം ഷൈൻ,ജനറൽ സെക്രട്ടറി കെ.എം. അബ്ദുൽ ജമാൽ, വൈസ് പ്രസിഡണ്ട് പി കെ റഷീദ് തുടങ്ങിയവർ പങ്കെടുത്തു

ഇന്ത്യയുടെ വിലാസം ഗാന്ധി-തേറമ്പിൽ

തൃശൂർ: ഇന്ത്യയുടെ വിലാസമെന്നാൽ ഗാന്ധിജിയാണെന്നും, ലോക രാഷ്ട്രങ്ങൾ രാജ്യത്തെ ഗാന്ധിയുടെ നാടായാണ് കാണുന്നതെന്നും മുതിർന്ന കോൺഗ്രസ് നേതാവ് തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞു.

പുറം രാജ്യങ്ങളിൽ വിദേശ-ആഭ്യന്തര പ്രശ്നങ്ങളുണ്ടാകുമ്പോൾ അവയ്ക്കെല്ലാം ഗാന്ധിജിയെ പരിഹാരമായി കാണുമ്പോൾ അദ്ദേഹത്തിന്റെ ജന്മനാട് മാത്രം അത് തിരിച്ചറിയാത്തത് പ്രതിഷേധാർഹമാണെന്നുംതേറമ്പിൽ കൂട്ടിച്ചേർത്തു.

മഹാത്മ ഗാന്ധിയുടെ 156-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഡി. സി. സി ഓഫീസിൽ പ്രത്യേകം തയ്യാറാക്കിയ സ്മൃതീ മണ്ഡപത്തിൽ നടന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡി.സിസി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് അധ്യക്ഷത വഹിച്ചു. നേതാക്കളായ എം പി വിൻസെന്റ് ജോസ് വള്ളൂർ,ടി.വി ചന്ദ്രമോഹൻ, സുനിൽ അന്തിക്കാട്, രാജേന്ദ്രൻ അരങ്ങത്ത്, ജോൺ ഡാനിയേൽ, ഷാജി കോടങ്കണ്ടത്ത്, ഐ.പി പോൾ, ഡോ. നിജി ജസ്റ്റിൻ, കെ.എച്ച് ഉസ്മാൻ ഖാൻ, അഡ്വ. സിജോ കടവിൽ, ബൈജു വർഗീസ്, സജീവൻ കുരിയച്ചിറ, സജി പോൾ മാടശ്ശേരി, ഫ്രാൻസിസ് ചാലിശ്ശേരി, കെ.പി രാധാകൃഷ്ണൻ, സന്തോഷ് ഐത്താടൻ ജേക്കബ് പൂലിക്കോട്ടിൽ,അഡ്വ. ആശിഷ് മൂത്തേടത്ത്, കെ സുരേഷ് എന്നിവർ പങ്കെടുത്തു.

വാർത്താചുരുക്കം

തൃശൂർ: ഹെറിറ്റേജ് സൊസൈറ്റി ഓഫ് കേരള തൃശൂർ - ഒരുക്കുന്ന പുരാവസതു പ്രദർശനം:പഴയ നടക്കാവ് പാണ്ടി സമൂഹമഠം ഹാളിൽ നടക്കും. സെപ്തംബർ 26 , 27 28 തീയതികളിലാണ് മേള.

* തൃശൂർ: രംഗചേതന രംഗോത്സവം സെപ്തംബർ 26, 27,28 ഒക്ടോബർ 12, 19 തീയതികളിൽ സംഗീത നാടക അക്കാദമി നാട്യഗൃഹത്തിൽ നടക്കും. പ്രതിവാര നാടകാവതരണത്തിന്റെ 750 പാം അരങ്ങാണിത്. ദിവസവും വൈകിട്ട് 5 മണി മുതലാണ് പരിപാടി.

* തൃശൂർ: സി.പി.ഐ.എം. മുതിർന്ന നേതാവ് ബേബി ജോൺ അഖില കേരള മിശ്രവിവാഹസംഘത്തിൽ പ്രവർത്തിക്കുമെന്ന് അറിയിച്ചു.അംഗത്വവും എടുത്തു. ഹിന്ദുത്വ അജണ്ട നടപ്പാക്കുന്ന കേന്ദ്ര ഭരണാധികാരികൾക്കെതിരെ പൊരുതാൻ മിശ്ര വിവാഹം,-- യുക്തിവാദ സംഘങ്ങൾ അനിവാര്യമെന്നും ബേബി ജോൺ വ്യക്തമാക്കി. സംഘം സംസ്ഥാന ഭാരവാഹികളായ പി.വി ബഷീർ, വി.എ.മാത്യം, മേരി ജയന്തി, കൗസല്യ ടീച്ചർ എന്നിവർ ബേബി ജോണിന്റെ പാലുവായിലെ വീട്ടിലെത്തിയാണ് അംഗത്വം നൽകിയത്.

വടക്കേടത്ത് പുരസ്ക്കാരം കാരശ്ശേരി ക്ക

തൃശൂർ: സാഹിത്യ നിരൂപകനും , പ്രശ്സ്ത എഴുത്തുകാരനുമായിരുന്ന ബാല ചന്ദ്രൻ വടക്കേടത്തിന്റെ സ്മരണക്കായുള്ള സാഹിത്യ പുരസ്ക്കാരത്തിന് എഴുത്തുകാരനും, സാംസ്ക്കാരിക പ്രവർത്ത കനുമായ ഡോ: എം. എൻ.കാരശ്ശേരി അർഹനായി. 25000 രൂപയും പ്രശസ്തി പത്രവും, ശില്പവും അടങ്ങുന്നതാണ് പുരസ്ക്കാരം. കെ.പി.സി. സി. വിചാർ വിഭാഗ് തൃശൂർ ജില്ലാ കമ്മററിയാണ് പുരസ്ക്കാരം ഏർപ്പെടുത്തിയത്.

നീതിക്കേടിനെതിരെ സാഹിത്യത്തെ പ്രയോഗിച്ച വടക്കേടത്തിന്റേതു പോലെ പൊരുതുന്ന പ്രതിഭ എന്ന നിലക്കാണ് കാര ശ്ശേരി പുരസ്ക്കാരത്തിന് അർഹനായതെന്ന് , ജൂറി കമ്മറ്റി ചെയർമാൻ ഡോ. പി വി.കൃഷ്ണൻനായർ, വാർത്താ സമ്മേളനത്തിൽ അറിയിച്ചു.വടക്കേടത്തിന്റെ ഒന്നും ചരമവാർഷികാചരണ ഭാഗമായി നവമ്പർ ആദ്യവാരം തൃശൂർ സാഹിത്യ അക്കാദമി എം.ടി. ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനത്തിൽ പുരസ്ക്കാരം സമർപ്പിക്കും. വിചാർ വിഭാഗ് ജില്ലാ ചെയർമാൻ ഡോ. ജെയിംസ് ചിറ്റില പ്പിള്ളി, ഡോ. ,മനോജ് പുഷ്കർ,ആന്റോ കണ്ട കുളം, ഷൈൻ നാട്ടിക വാർത്താസമ്മേ ളനത്തിൽ പങ്കെടുത്തു.

ഡയാലിസിസ് രോഗികൾക്ക് സാന്ത്വനമേകി ആര്യലോക് ജീവധാര

കുന്നംകുളം : ഗുരുതര വൃക്ക രോഗം ബാധിച്ച് ഡയാലിസിസിനെ ആശ്രയിക്കുന്ന രോഗികൾക്ക് ജീവകാരുണ്യത്തിന്റെ കരുത്തായി മാറുകയാണ് അകതിയൂർ കലശമലയിലെ ആര്യലോക് ആശ്രമം നടത്തുന്ന ആര്യലോക് ജീവധാര പദ്ധതി.

കുന്നംകുളം മലങ്കര ആശുപത്രിയിലും ചൂണ്ടൽ മിഷ്യൻ ആശുപത്രിയിലും ചികിത്സയിലുള്ള രോഗികൾക്ക് തുടർച്ചയായ സാമ്പത്തികവും മാനസികവുമായ പിന്തുണയാണ് ഈ പദ്ധതിയിലൂടെ ലഭിക്കുന്നത്.നിരവധി കുടുംബങ്ങൾക്കു ജീവൻ നിലനിർത്താനും ജീവിത പോരാട്ടങ്ങളിൽ മുന്നോട്ട് പോകാനും പ്രചോദനമായിത്തീരുകയാണ് ആര്യലോക് ജീവധാര.

പദ്ധതിയുടെ ഭാഗമായി നടന്ന സൗഹൃദസംഗമത്തിൽ സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം ഡയാലിസിസ് സാമ്പത്തിക സഹായ കൂപ്പൺ നൽകി ഉദ്ഘാടനം നിർവഹിച്ചു. സമാനതകളില്ലാത്ത ഇത്തരം സേവന പ്രവർത്തനങ്ങൾ സമൂഹത്തിന് മാതൃകയാണെന്ന് ഉൽഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. അകതിയൂർ കലശ ആര്യലോക് ആശ്രമത്തിൽ നടന്ന സാന്ത്വന സംഗമത്തിൽ ആര്യനാമിക അധ്യക്ഷത വഹിച്ചു.

ആശ്രമ മഠാധിപൻ ശ്രീ ശ്രീ ആര്യമഹർഷി അനുഗ്രഹ പ്രഭാഷണം നടത്തി.സ്വാമി ദിവ്യാനന്ദ സരസ്വതി, ഡോ: ശശീന്ദ്രൻ, ആര്യശ്രീ എ എന്നിവർ സന്നിധരായിരുന്നു.

കാറിടിച്ച് പരിക്കേറ്റ വിദ്യാർത്ഥിനി മരിച്ചു

പുതുക്കാട്: മറ്റത്തൂർ ഇത്തുപാടത്ത് നിയന്ത്രണം വിട്ട കാറിടിച്ച് വിദ്യാർത്ഥിനി മരിച്ചു. ഇത്തുപാടം സ്വദേശി കരിയാത്ത് ഷാജിയുടെ മകൾ നിരഞ്ജന (17) ആണ് മരിച്ചത്.

എയിംസിൽ നിന്ന് രക്തവും പ്ലാസ്മയും കാണാതാകുന്നു; സിസിടിവിയിൽ കണ്ടത് ഞെട്ടിക്കുന്ന ദൃശ്യങ്ങൾ

ഭോപ്പാൽ: ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസിന്റെ (എയിംസ്) രക്ത ബാങ്കിൽ നിന്ന് രക്തവും പ്ലാസ്മയും മോഷ്ടിക്കപ്പെടുന്നതായി പൊലീസ്. എയിംസ് രക്ത ബാങ്ക് ഇൻ ചാർജ് ഡോ. ഗ്യാനേന്ദ്ര പ്രസാദ് ബാഗ് സെവാനിയ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഔട്ട്സോഴ്സ് ജീവനക്കാരനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറെക്കാലമായി രക്തബാങ്കിൽ നിന്ന് രക്തവും പ്ലാസ്മ യൂണിറ്റുകളും അപ്രത്യക്ഷമാകുന്നുണ്ടെന്ന് അസിസ്റ്റന്റ് പൊലീസ് കമ്മീഷണർ രജനീഷ് കശ്യപ് കൗൾ പറഞ്ഞു.

പ്രതിയായ ഔട്ട്സോഴ്സ് ജീവനക്കാരനെ ഉടൻ അറസ്റ്റ് ചെയ്യുമെന്നും പൊലീസ് പറഞ്ഞു. അന്വേഷണത്തിന്റെ ഭാഗമായി ആശുപത്രി പരിസരത്തെ സിസിടിവി ദൃശ്യങ്ങൾ പൊലീസ് ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ട് ദിവസം മുമ്പ് കുറച്ച് യൂണിറ്റ് പ്ലാസ്മ മോഷ്ടിച്ച് ഇയാൾ അജ്ഞാത വ്യക്തിക്ക് കൈമാറുന്നത് സിസിടിവി ദൃശ്യങ്ങളിൽ പതിഞ്ഞിട്ടുണ്ടെന്ന് പൊലീസ് പറഞ്ഞു. സംശയത്തെത്തുടർന്ന് എയിംസ് അധികൃതർ രക്തബാങ്കിനുള്ളിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചിരുന്നു.

സ്വർണ്ണവിലയിൽ കുറവ്

തൃശ്ശൂർ: സംസ്ഥാനത്ത് ഇന്നും സ്വർണവില കുറഞ്ഞു. ഇന്ന് ഒരു പവന് 86,560 രൂപയാണ് വില. ഒരു ഗ്രാം സ്വർണം ലഭിക്കാൻ 10,820 രൂപ നൽകണം. ഇന്നലത്തെ വിലയേക്കാൾ 440 രൂപയുടെ കുറവാണ് സ്വർണവിലയിൽ ഉണ്ടായിരിക്കുന്നത്. പവന് 90,000 എത്തുമെന്ന് തോന്നിച്ച ഘട്ടത്തിലാണ് വീണ്ടും സ്വർണവിലയിൽ കുറവ് സംഭവിച്ചിരിക്കുന്നത്.

കോടതി പരസ്യം

ബഹു. ചിട്ടി രജിസ്ട്രാർ/ചിട്ടി ആർബിട്രേറ്റർ ഉത്തര മദ്ധ്യ മേഖല തൃശ്ശൂർ മുമ്പാകെ

ഹരജി No.1505/2024

കോവിലകത്ത് ധർമ്മ സഭ

-ഹർജിക്കാരൻ

1. കൊടുങ്ങല്ലൂർ താലൂക്ക് ലോകമലേശ്വരം വില്ലേജ് പടാക്കുളം ദേശത്ത് വൈപ്പിൻകാട്ടിൽ സെയ്തുമുഹമ്മദ